RECEIVED 13/01/2015 03:07 04712303025 DHS KERALA
24/03 2018 1:38 PM FAX 2336332 IBMC 0001

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഡോ.ലേഖ മാധവൻ, സീനിയർ കൺസൾട്ടന്റ്, ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട ഫയൽ ചെയ്ത O.A നം.2065/2017 മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.11.2017-ലെ വിധിന്യായത്തിലെ നിർദ്ദേശം അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ) നം.982/2018/ആ.ക.വ                    തിരുവനന്തപുരം, തീയതി, 23.03.2018.

---

പരാമർശം:- 1) സ.ഉ (സാധാ) നം.2751/2017/ആവഡ തീയതി 06.10.2017.

2) ഡോ.ലേഖ മാധവൻ, സീനിയർ കൺസൾട്ടന്റ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്കു സമർപ്പിച്ച 09.10.2017-ലെ നിവേദനം (Annexure A11)

3) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ,01.11.2017-ലെ ഡോ.ലേഖ മാധവൻ ഫയൽ ചെയ്ത O.A (EKM) നം.2065/2017 മേലുള്ള വിധിന്യായം.

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07.12.2017-ലെ ഇസി.5 -87946/17/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഡോ.ലേഖ മാധവൻ, 15/09/2017-ന് ജില്ലാ ആശുപത്രിയിൽ എത്തിച്ച, ശാരീരിക പീഡനത്തിനിരയായ അഞ്ചു വയസ്സുള്ള പെൺകുട്ടിയെ പരിശോധിക്കാൻ വിസമ്മതിച്ചു എന്ന കാരണത്താൽ പരാമർശ ഉത്തരവ് പ്രകാരം തന്നെ സസ്പെന്റ് ചെയ്ത നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരത്തിന് മുമ്പാകെ O.A (EKM) നം.2065/2017 ഫയൽ ചെയ്യുകയുണ്ടായി.

2. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 01.11.2017-ലെ വിധിന്യായത്തിൽ പരാമർശം 2-ലെ നിവേദനം പരിശോധിച്ച് യുക്തമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3. ആയത് പ്രകാരം, 08.12.2017-ന് ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, ഡോ.ലേഖാമാധവനെ നേരിൽ കേൾക്കുകയുണ്ടായി. കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ കോൾ ഡ്യൂട്ടി സംവിധാനം നിലവിലില്ല എന്നും, 15/09/2017-ൽ തനിക്ക് കോടതി ഡ്യൂട്ടി ആയിരുന്നുവെന്നും നേരിൽ കേട്ട സമയത്ത് ഡോക്ടർ അറിയിക്കുകയും, അതിനെ ശരി വയ്ക്കുന്ന രേഖകൾ ഹാജരാക്കുകയും ചെയ്തു. എന്നാൽ, കോടതി ഡ്യൂട്ടി പോലെ ഗൗരവമുള്ള കാര്യം, ജില്ലാ മെഡിക്കൽ ഓഫീസർ നടത്തിയ അന്വേഷണ സമയത്ത് വെളിപ്പെടുത്തിയിരുന്നില്ല എന്ന് കാണുന്നു. കോടതി ഡ്യൂട്ടിയാണെന്ന വിവരം, അതേ ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റായ ഡോ.ഗംഗയെ അറിയിച്ചിരുന്നതായി ഡോ.ലേഖ നേരിൽ കേട്ട വേളയിൽ അറിയിച്ചെങ്കിലും, ഡോ. ഗംഗ അത്, തന്നെ നേരിൽ കേൾക്കുന്ന സമയത്ത് നിഷേധിച്ചിരുന്നു. ആശുപത്രി സൂപ്രണ്ടും ഇക്കാര്യം അറിഞ്ഞതായി റിപ്പോർട്ടിൽ കാണുന്നില്ല. കോടതി ഡ്യൂട്ടി കഴിഞ്ഞ്, ഭർതൃ പിതാവിനേയും കണ്ട ശേഷം, നേരെ ആശുപത്രിയിൽ ആണ് എത്തിയതെന്നും, ആ സമയം കുട്ടിയെ ആശുപത്രിയിൽ കണ്ടില്ല എന്നും ഡോ.ലേഖ അറിയിച്ചു. ഡ്യൂട്ടി നേഴ്സ് 5.15-ന്

ഡോ.ലേഖയോട് കുട്ടിയെ പരിശോധനയ്ക്ക് എത്തിച്ച വിവരം അറിയിച്ചപ്പോൾ "കാണില്ല" എന്ന് പറഞ്ഞതിനാലാണ് കുട്ടിയെ രാത്രി 7.30 മണി വരെ ആശുപത്രിയിൽ ഇരുത്തേണ്ടി വന്നത്. ആ സമയം ഡോ.ലേഖ അവരുടെ സ്വകാര്യ പ്രാക്ടീസ് സ്ഥലത്ത് രോഗികളെ പരിശോധിക്കുകയായിരുന്നു എന്ന് സാക്ഷി മൊഴികളുടെ അടിസ്ഥാനത്തിൽ, അന്വേഷണ ഉദ്യോഗസ്ഥയായ പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഡോ.ലേഖ ഹിയറിംഗ് വേളയിൽ ഇക്കാര്യം നിഷേധിക്കുകയും; അവർ അന്നേ ദിവസം സ്വകാര്യ പ്രാക്ടീസ് നടത്തിയിട്ടില്ല എന്നും അറിയിച്ചു. നേരിൽ കേൾക്കുന്ന സമയത്ത്, ശ്രീമതി. ലിസ്സി മുറിയിൽ വന്നപ്പോൾ കണ്ടില്ലേ എന്ന ചോദ്യത്തിന്, അവരെ ഞാൻ നോക്കിയില്ല എന്ന മറുപടി ഡോക്ടർ നൽകി. അതിൽ നിന്നും, ഡോക്ടർ സ്വകാര്യ പ്രാക്ടീസ് മുറിയിൽ, ഉണ്ടായിരുന്നു എന്ന് വ്യക്തമാകുന്നു.

4. ഈ വിഷയം സംബന്ധിച്ച്, ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ, ശാരീരിക പീഡനത്തിനിരയായ അഞ്ചു വയസ്സുള്ള പെൺകുട്ടിയെ ഡോ.ലേഖാ മാധവൻ പരിശോധിക്കാൻ വിസമ്മതിച്ച എന്ന പരാതിയിന്മേൽ 29/07/2017-ന് നടന്ന അന്വേഷണ സമയത്തോ വിസ്താര സമയത്തോ ടിയാൾ മൊഴി നൽകിയിട്ടില്ല എന്നും കോടതി ഡ്യൂട്ടി പോലെയുള്ള പ്രധാന ഡ്യൂട്ടികൾ ഉണ്ടായിരുന്നുവെങ്കിൽ ടിയാൾ അന്വേഷണ ഉദ്യോഗസ്ഥയെ അറിയിക്കേണ്ടതായിരുന്നുവെന്നും, കോൾ ഡ്യൂട്ടി ലിസ്റ്റ് പ്രകാരം ആ ദിവസം 15/09/2017-ന് വെള്ളിയാഴ്ച ഡോ.ലേഖാ മാധവനായിരുന്നു ഹാജരാകേണ്ടിയിരുന്നതെന്നും, ഡ്യൂട്ടി സിസ്റ്റർ ശ്രീമതി. പിങ്കി വിശ്വം ഏകദേശം 5.15-ഓടു കൂടി കുട്ടിയെ കൊണ്ടുവന്ന വിവരം ഫോൺ മുഖാന്തിരം അറിയിച്ചിട്ടുള്ളതായും ജില്ലാ മെഡിക്കൽ ഓഫീസറുടെ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട് എന്നും അഭിപ്രായപ്പെടുന്നു.

5. കോൾ ഡ്യൂട്ടി നൽകപ്പെട്ടിരിക്കുന്ന ഡോക്ടർ അത്യാവശ്യ സമയത്ത് രോഗികളെ പരിശോധിക്കുവാൻ ആശുപത്രിയുടെ സമീപം തന്നെ ഉണ്ടാകേണ്ടതാണ്. മറ്റ് ഡ്യൂട്ടിയില്ല എന്ന കാരണത്താൽ കോൾ ഡ്യൂട്ടി ഡോക്ടർ ആശുപത്രി പരിസരം വിട്ട് ദൂരെ പോകാൻ പാടുള്ളതല്ല. ഇത് ടിയാളുടെ ഉത്തരവാദിത്വമില്ലായ്മയാണ് തെളിയിക്കുന്നത്. "ഡോ.ലേഖ വരും കാത്തിരിക്കൂ" എന്ന് സ്റ്റാഫ് നഴ്സ് പറഞ്ഞതായി പീഡനത്തിനിരയായ കുട്ടിയോടൊപ്പം ഉണ്ടായിരുന്ന ഡബ്ല്യു.സി.പി.ഒ യും മൊഴി നൽകിയിട്ടുണ്ട്. ടി ഡോക്ടർ 6.30-ന് ആശുപത്രിയിൽ എത്തിയെന്ന വാദം തികച്ചും അടിസ്ഥാനരഹിതമാണ്. ഡ്യൂട്ടി നഴ്സിനോട് അന്വേഷിച്ചിരുന്നുവെങ്കിൽ കുട്ടിക്ക് ആവശ്യമായ പരിശോധന നടത്താമായിരുന്നു. സംഭവ ദിവസം രാത്രി 7.30 വരെ അഞ്ചര വയസ്സുള്ള പെൺകുട്ടിയെയും കൊണ്ട് ലേബർ റൂമിന മുന്നിൽ കാത്തിരുന്നുവെന്ന് ഡബ്ല്യു.സി.പി.ഒ -യും അന്വേഷണത്തിൽ അറിയിച്ചിരുന്നു. അപ്പോഴേക്കും കുട്ടി ബഹളം തുടങ്ങി. വൈകുന്നേരം, 7.15 വരെ ഡോ.ലേഖയെ കാണാത്തതുകൊണ്ട് പരാതിക്കാരിയും കുട്ടിയുടെ കൂടെ വന്നതുമായ ശ്രീമതി.ലിസി, ഡോ.ലേഖയുടെ പ്രൈവറ്റ് പ്രാക്ടീസ് സ്ഥലത്തെത്തുകയും അപ്പോൾ ഡോ.ലേഖ രോഗികളെ പരിശോധിക്കുകയുമായിരുന്നു. വെറും അഞ്ചര വയസ്സുമാത്രം പ്രായമായ പെൺകുട്ടി മണിക്കൂറുകളോളം ലേബർ റൂമിന് വെളിയിൽ ഇരിക്കുമ്പോഴാണ് 7.30-ന് ഡോ. ലേഖ പ്രൈവറ്റ് പ്രാക്ടീസ് സ്ഥലത്ത് രോഗികളെ പരിശോധിച്ചു കൊണ്ടിരുന്നത്. 7.30-നും മൂന്ന് രോഗികൾ ഡോ.ലേഖയെ കാണാൻ നിൽക്കുന്നുണ്ടായിരുന്നുവെന്നും അവസാന രോഗിയോടൊപ്പം ശ്രീമതി.ലിസിയും ഡോ.ലേഖയുടെ മുറിയിൽ കയറി കുഞ്ഞിന്റെ കാര്യം ഓർമ്മിപ്പിച്ചപ്പോൾ "ഏത് കുഞ്ഞ്, ഞാൻ ഒരു കേസും ഏറ്റെടുത്തിട്ടില്ല എനിക്കറിയില്ല എനിക്ക് ഒരു മണി വരെയേ ഡ്യൂട്ടിയുള്ളൂ. എന്റെ സമയം കളയാതെ പോ, നാളെ ഒ.പി യിലേയ്ക്ക് വാ" എന്നു പറഞ്ഞ് ഡോ.ലേഖ വാതിലടച്ചതായി ശ്രീമതി. ലിസി അന്വേഷണ സമയത്ത് അറിയിച്ചിട്ടുണ്ട്. 7.15-ന് ശ്രീമതി.ലിസി വാർഡിൽ നിന്നും വെളിയിലേക്ക് ഇറങ്ങി പോകുന്നതും 15 മിനിറ്റിന ശേഷം തിരികെ എത്തുന്നതും കണ്ടതായി സെക്യൂരിറ്റി സ്റ്റാഫ് വ്യക്തമാക്കിയിട്ടുണ്ട്.

ഇതിൽ നിന്നും ശ്രീമതി.ലിസി ഡോ.ലേഖയെ മുറിയിൽ ചെന്ന് 7.30-ന് കണ്ടിരുന്നു എന്ന മൊഴി സ്ഥിരീകരിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ രാത്രി 7.30-ന് കുട്ടിയെ തിരികെ കൊണ്ടുപോകുന്നതുവരെ ഡോക്ടർ ആശുപത്രിയിൽ എത്തിയിട്ടില്ല എന്ന് ഉറപ്പിക്കാവുന്നതും അപ്രകാരം കൃത്യ നിർവഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായും മനസ്സിലാകുന്നു. ഡബ്ല്യൂ.സി.പി.ഒ-യ്ക്കോ, കുട്ടിയ്ക്കോ ഡോ.ലേഖയെ കാണാൻ സാധിക്കാത്തതിനു കാരണം, ഡോ.ലേഖ ടിയാളുടെ കോൾ ഡ്യൂട്ടി ലിസ്റ്റ് പ്രകാരമുള്ള ഡ്യൂട്ടിയിൽ വീഴ്ച വരുത്തിയതുമൂലമാണ്. ഡോ.ലേഖ വെറും അഞ്ചര വയസ്സു മാത്രം പ്രായമുള്ള പെൺകുട്ടിയെ കാണാതിരുന്നത് ടിയാളുടെ ഉത്തരവാദിത്തമില്ലായ്മയും ജോലിയോടുള്ള ആത്മാർത്ഥത കുറവും പ്രൈവറ്റ് പ്രാക്ടീസിനോടുള്ള താൽപര്യവും കൊണ്ടാണ്, അത് കുട്ടിയുടെയോ കൂടെ വന്നവരുടേയോ പോലീസ് ആഫീസറുടേയോ കുറ്റമല്ല എന്നും പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് കോയിപ്പുറം പോലീസ് സബ് ഇൻസ്പെക്ടർ നൽകിയ കത്ത് ജില്ലാ ആശുപത്രിയിൽ മെഡിക്കൽ ആഫീസറുടെ അന്വേഷണ റിപ്പോർട്ടിനെ ശരിവയ്ക്കുന്നതാണ്. ലൈംഗിക പീഡനത്തിനിരയായി വൈദ്യ പരിശോധനയ്ക്ക് ഉത്തരവാദിത്തപ്പെട്ട വനിതാ പോലീസ് ആഫീസറോടൊപ്പം പോക്സോ നിയമ പ്രകാരം എത്തിയ അഞ്ചര വയസ്സുമാത്രം പ്രായമായ പെൺകുട്ടിയോട് ഡോ.ലേഖാ മാധവൻ കടുത്ത അനീതിയും അനാസ്ഥയുമാണ് കാണിച്ചിട്ടുള്ളത് എന്നും റിപ്പോർട്ടുകളിൽ കാണുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അച്ചടക്ക നടപടിക്ക് വിധേയമായി പരാമർശം 1 പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്ന, ഡോ.ലേഖ മാധവനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് തൊടുപുഴ ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റിന്റെ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

7. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 3-ലെ വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊണ്ട് പരാമർശം 2-ലെ അപേക്ഷ തീർപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സരിത.ഡി,**

**ഡെപ്യൂട്ടി സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട / ഇടുക്കി.
ഡോ.ലേഖ മാധവൻ, സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ , ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1-161(1)/18/ആ.വ.ഡ തീയതി 24.03.2018**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**